**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആശുപത്രി മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആശുപത്രി മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അവ സംസ്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) | സംസ്ഥാനത്ത് ആശുപത്രി മാലിന്യങ്ങളുടെ ശേഖരണം, സംസ്കരണം എന്നിവ ഉറപ്പ് വരുത്തുന്നതിന്റെ ചുമതല ആരോഗ്യ വകുപ്പിനാണ്.<br><br>പ്രസ്തുത മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന IMAGE (പാലക്കാട്) , KEIL (എറണാകുളം) എന്നീ രണ്ടു പൊതു ബയോമെഡിക്കൽ സംസ്കരണ സ്ഥാപനങ്ങൾ വഴി പ്രതിദിനം 84 ടൺ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട് .<br><br>• ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ആശുപത്രികളിൽ ബയോ ഗ്യാസ് പ്ലാന്റ്, WINDROW കാമ്പോസ്റ്റിംഗ് യൂണിറ്റ്, പ്ലാസ്റ്റിക്ക് ഒഴികെയുള്ള അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>• പ്ലാസ്റ്റിക്ക് കുപ്പികൾ, ബോട്ടിലുകൾ മറ്റ് ഉപയോഗ ശൂന്യമായ വസ്തുക്കൾ തുടങ്ങിയവ പുറത്ത് നിന്നുള്ള ഏജൻസികൾക്ക് കൊടുക്കുന്നു .<br>• ദ്രവ മാലിന്യം സംസ്കരിക്കുന്നതിനായി മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ STP/ETP സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിലൂടെ സുരക്ഷിതമായി ദ്രാവക രൂപത്തിലുള്ള അപകടകാരിയായ മാലിന്യ നിർമ്മാർജ്ജനം സാധ്യമാകുന്നു.<br>• ഇ വേസ്റ്റ് ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ നീക്കം ചെയ്യുന്നു . |

| | | | |
|---|---|---|---|
| | | | ആരോഗ്യ, വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിനായി പ്രത്യേക സംവിധാനം സജ്ജമാക്കുകയും മാലിന്യ നിർമ്മാർജ്ജനം കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ ചില കമ്പനികൾ ആശുപത്രികളുമായി കരാറുണ്ടാക്കി മാലിന്യങ്ങൾ ശേഖരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട് .<br><br>M/s SUNAGE Eco systems എന്ന ഏജൻസി RCC യുമായി അജൈവ മാലിന്യ ശേഖരണത്തിന് കരാർ വച്ചിട്ടുള്ളതാണ്. ആശുപത്രി മാലിന്യം കൂടിക്കലർന്ന അജൈവ മാലിന്യം അനധികൃതമായി പൊതു നിരത്തിൽ നിക്ഷേപിച്ചതിനെ തുടർന്ന് പ്രസ്തുത ഏജൻസിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ഇല്ലാതെ ആശുപത്രികളുമായി കരാറിലേർപ്പെട്ട് മാലിന്യ ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനും അവയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുമുള്ള കർശന നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ആരോഗ്യ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും IMAGE, KEIL എന്നീ ഏജൻസികൾ മുഖേന മാത്രമാണ് മാലിന്യങ്ങൾ ശേഖരിച്ചു വരുന്നത്. |
| (സി) | അയൽസംസ്ഥാനങ്ങളിലെ ഒഴിഞ്ഞ പ്രദേശങ്ങളിൽ ആശുപത്രിമാലിന്യങ്ങൾ തള്ളുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>തമിഴ് നാട്ടിലെ തിരുനെൽവേലിയിൽ മാലിന്യം കേരളത്തിൽനിന്നും കൊണ്ട് പോയി നിക്ഷേപിച്ചത് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ബഹു.ദേശീയ ഹരിത ട്രിബ്യൂണൽ OA 312 / 2024 നമ്പർ കേസ് സ്വമേധയാ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് . ബഹു ട്രിബ്യൂണലിന്റെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ടി മാലിന്യം തിരിച്ചെടുക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു . അതിനെത്തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിനായി അന്വേഷണ കമ്മിറ്റിയെ നിയമിച്ച് 20/12/2024-ലെ GO (Rt ) 2509/2024/LSGD പ്രകാരം ഉത്തരവായി . ഇത്തരം സംഭവങ്ങൾ അവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചു . ആയത് പരിശോധിച്ചുവരുന്നു .<br><br>മാലിന്യം തള്ളിയതിന് ഉത്തരവാദിയെന്ന് കണ്ടെത്തിയ സ്ഥാപനത്തിന്റെ പേരിൽ |

നിയമനടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ പോലീസിൽ പരാതി നൽകി. . സൺഏജ് എക്കോ സിസ്റ്റംസ് എന്ന ടി സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്തു . ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ കൂടുതൽ ഊർജ്ജിതപെടുത്തുകയും കേരള പഞ്ചായത്ത് രാജ് ആക്ട് (2024 ഭേദഗതി) കേരള മുനിസിപ്പാലിറ്റി ആക്ട് (2024 ഭേദഗതി) എന്നിവ പ്രകാരം നിയമലംഘനങ്ങൾ നടത്തുന്നവർക്ക് എതിരെ നിയമനടപടികൾ സ്വീകരിച്ചും വരുന്നു .

2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങൾ സ്ഥാപനങ്ങൾ കർശനമായി പാലിക്കണമെന്ന് എല്ലാ വകുപ്പ് തലവന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സ്ഥാപന തലത്തിലും, ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിലും, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു . കൂടാതെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു .

* ബയോ-മെഡിക്കൽ മാലിന്യങ്ങൾ ഉറവിടം മുതൽ സംസ്കരണം വരെ തൽസമയം നിരീക്ഷിക്കുന്നതിന് കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ബാർകോഡ് അധിഷ്ഠിത ബയോമെഡിക്കൽ മാനേജ്മന്റ് സിസ്റ്റം മുഖേന ബന്ധിപ്പിച്ച് ഓരോ മാലിന്യ ബാഗിന്റെയും തത്സമയ ട്രാക്കിംഗ് നടത്തുന്നു.

* മാലിന്യങ്ങളുടെ ശരിയായ തരം തിരിവ് ഉറപ്പാക്കുന്നതിനായി 325 ആരോഗ്യസ്ഥാപനങ്ങൾക്ക് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകി.

* ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2016 എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മാലിന്യ ശേഖരണ കേന്ദ്രങ്ങൾ , MCF, RRF, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള വിദഗ്ധർ പരിശോധന നടത്തി വരുന്നു.

| | | | |
|---|---|---|---|
| | | | മാലിന്യങ്ങളുടെ ശേഖരണം, ഗതാഗതം, സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള മാലിന്യ സംസ്ക്കരണ രീതികൾ അവലോകനം ചെയ്യാനും മാലിന്യം കൃത്യമായി വേർതിരിക്കുന്നത് ഉറപ്പാക്കാനും തദ്ദേശ സ്ഥാപനങ്ങൾക്ക് ബോർഡ് നിർദേശം നൽകിയിട്ടുണ്ട്.<br><br>തമിഴ്നാട്, കർണാടക അതിർത്തി ചെക്ക്പോസ്റ്റുകളിൽ വാഹനങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കാൻ സ്റ്റേറ്റ് പോലീസ് ചീഫ് , ട്രാൻസ്പോർട്ട് കമ്മീഷണർ, എക്സൈസ് കമ്മീഷണർ, ജി.എസ്.ടി കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്<br><br>മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളുടെ അന്തർസംസ്ഥാന നീക്കം നിരീക്ഷിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് വികസിപ്പിച്ച ജിപിഎസ് അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ട്രയൽ റണ്ണിലാണ്. കേരളത്തിനകത്തും സംസ്ഥാനങ്ങളിലുടനീളവുമുള്ള മാലിന്യ ഉൽപ്പാദകർ, സംവാഹകർ, മാലിന്യ സ്വീകർത്താക്കൾ എന്നിവരെ പ്രസ്തുത Online Portal - ൽ രജിസ്റ്റർ ചെയ്യിപ്പിച്ച് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതാണ് .<br><br>റീസൈക്കിൾ ചെയ്യാൻ പറ്റാത്ത മാലിന്യങ്ങൾ സിമൻറ് പ്ലാന്റിൽ കോ ഇൻസിനറേഷൻ മുഖേന സംസ്കരിക്കുന്നതിന് വേണ്ട സംവിധാനം നടപ്പിലാക്കുന്നതിന് മലബാർ സിമന്റ്സ്-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ